DESPATCHED
On. 8/4/22..

31/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2312*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **16477**/*എസ്.ഐ.സി-ജി 6/15*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ.മുരളി എം.,
കാർത്തിക,
കറുത്തേടത്ത് പറമ്പ്,
പൈങ്ങോട്ട് പുറം, പെരിങ്ങളം പി.ഒ.,
കോഴിക്കോട് – 673 571.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
കുന്ദമംഗലം ഗ്രാമപഞ്ചായത്ത്,
പി.ഒ.കുന്ദമംഗലം, കോഴിക്കോട്,
പിൻ – 673 571.**

2. **അപ്പീൽ അധികാരി&
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.05.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.05.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29.06.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27.07.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21.10.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.10.2015നിരന്തരൻ |
| ഹിയറിംഗ് നടന്ന തീയതി | 22.03.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## <u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭ്യമായില്ലെന്നും തുടർന്ന് സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ അപ്പീലധി കാരി ഉത്തരവിട്ടിട്ടും എസ്.പി.ഐ.ഒ. മറുപടി ലഭ്യമായില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 02.05.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 2011 മാർച്ച് 30-ാം തീയതി കാഴ്ച ഇല്ലാത്ത അദ്ധ്യാപകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഗവൺമെന്റ് സൗജന്യമായി കൊടുക്കുന്ന കമ്പ്യൂട്ടറിനു വേണ്ടി ടിയാൻ അപേക്ഷ നൽകിയിരുന്നുവെന്നും ആയതിന് കൈപ്പറ്റ് രസീതും ലഭിച്ചിട്ടു ണ്ടെന്നും അപേക്ഷയോടൊപ്പം ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവ്, വൈക ല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് എന്നിവ നൽകിയി ട്ടുണ്ടെന്നുമാണ്. എന്നാൽ പലപ്രാവശ്യങ്ങളായുള്ള ടിയാന്റെ അന്വേഷണ ത്തിന് വ്യക്തമായ ഒരു മറുപടിയും ലഭിച്ചില്ലെന്നും അവസാനം 2015 ഏപ്രിൽ 24നാണ് ടിയാൻ നേരിട്ട് ഓഫീസിൽ അന്വേഷിച്ചപ്പോഴും വ്യക്ത മായ മറുപടി ലഭിക്കാത്തതിനാൽ പ്രസിഡന്റിനെ നേരിൽ കണ്ട് വിവരങ്ങൾ ബോദ്ധ്യപ്പെടുത്തിയെന്നുമാണ്. എന്നാൽ പ്രസ്തുത സ്കീം ഇല്ല എന്നാണ് ടിയാനിൽ നിന്നും ലഭിച്ച മറുപടിയെന്നും ആയതിനാൽ ടി വിഷയം വിവരാ വകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി മറുപടി നൽകണമെന്നുമാ ണ്.

ആയതിന് 30.05.2015ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷ തുടർ നടപടികൾക്കായി എ2 സെക്ഷനിലാണ് നൽകിയതെന്നും എന്നാൽ 2011ൽ സൗജന്യമായി കമ്പ്യൂട്ടർ വിതരണം എന്ന പദ്ധതി നടപ്പാക്കിയതായി പരിശോധനയിൽ കണ്ടെത്തിയില്ലെന്നും 30.03.2011ന് സമർപ്പിച്ച ഹർജിക്കാരന്റെ അപേക്ഷ ഉടൻ കണ്ടെത്താൻ സെക്ഷന് നിർദ്ദേശം നൽകിയിരിക്കുകയാണെന്നും ആയത് കണ്ടെത്തുന്ന മുറയ്ക്ക് അതിൽ സ്വീകരിച്ച നടപടികൾ ടിയാനെ അറിയി ക്കുമെന്നാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് 30.05.2015ന് കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നുവെന്നും എന്നാൽ ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചു കൊണ്ട് 29.06.2015 തീയതി വച്ച് ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീൽ ഹർജി ടി ഓഫീസിൽ ലഭിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവെന്നുമാണ്. അപ്രകാരം 24.07.2015ന് 3.15 മണിക്ക് ഇരുകക്ഷിക ളെയും നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും വിവരം ഇരുകക്ഷി കളെയും രേഖാമൂലം അറിയിക്കുകയും ചെയ്തുവെന്നും ഹർജിക്കാരൻ അന്നേദിവസം ഹാജരായി മൊഴി നൽകുകയും എതിർകക്ഷി ഹാജരായി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയും ചെയ്തു.

അപ്പീൽ ഹിയറിംഗ് സമയത്ത് ബോധിപ്പിച്ചവയുടെ അടിസ്ഥാനത്തിൽ 30.03.2011 ന് ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ കണ്ടെത്തുന്നതിനും അടി യന്തിര നടപടി സ്വീകരിക്കുന്നതിനും ഹർജിക്കാരന് വ്യക്തമായ മറുപടി രേഖാമൂലം നൽകുന്നതിനും ടിയാന്റെ അപേക്ഷയിലെ ആവശ്യം പരിശോ ധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കണമെന്നു എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ ഒന്നാം അപ്പീലിന്മേൽ ഉചിതമായ തീരുമാനമെടു ക്കാൻ അപ്പീൽ അധികാരി നിർദ്ദേശം നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരി ക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, അപ്പീൽ അധികാരിയുടെ നിർദ്ദേശം ഒന്നാം എതിർകക്ഷി പാലിച്ചിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ആകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കണ്ട് ടി എതിർക ക്ഷിയ്ക്കെതിരെ കമ്മീഷൻ വിവരാവകാശ നിയമത്തിലെ വകുപ്പ് 20(1) പ്രകാരം നടപടി സ്വീകരിക്കുന്നതിന് താല്ക്കാലികമായി തീരുമാനിക്കുന്നു.

ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 31–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)